| ജില്ല | താലൂക്ക് | ഫോറസ്റ്റ് റെയ്ഞ്ച് |
|---|---|---|
| | ദേവികുളം | അടിമാലി |
| | | കുട്ടംപുഴ |
| | | തുണ്ടത്തിൽ |
| | പീരുമേട് | എരുമേലി |
| | | അയ്യപ്പൻകോവിൽ (ഒരു ഭാഗം) |
| എറണാകുളം | കുന്നത്തുനാട് | തുണ്ടത്തിൽ |
| | | കായൽത്തറ |
| | കോതമംഗലം | നേരിയമംഗലം |
| | | കോതമംഗലം |
| | | മുള്ളരിങ്ങാട് |
| | | കാളിയൂർ (മാവും തൊട്ടി) |
| | ആലുവാ | കാലടി |
| തൃശൂർ | തൃശ്ശൂർ | പീച്ചി |
| | | പട്ടിക്കാട് |
| | തലപ്പിള്ളി | വടക്കാഞ്ചേരി |
| | | മച്ചാട് |
| | മുകുന്ദപുരം | വെള്ളികുളങ്ങര |
| | | പരിയാരം |
| | | പാലപ്പിള്ളി |
| വയനാട് | വൈത്തിരി | കല്പറ |
| | മാനന്തവാടി | ബേഗൂർ |
| | | മാനന്തവാടി |
| | സുൽത്താൻ ബത്തേരി | സുൽത്താൻ ബത്തേരി |
| | | ചെതലയം |

(സി) മലബർ പ്രദേശത്തെ വയനാട് ജില്ലയിൽ ബേഗൂർ, മാനന്തവാടി, സുൽത്താൻബത്തേരി, ചെതലയം, കല്പറ എന്നീ റെയിഞ്ചുകളിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തി. പാലക്കാട് ജില്ലയിലെ നിക്ഷിപ്ത വനഭൂമിയിൽ വെരിഫിക്കേഷൻ നടത്തിയിട്ടുണ്ട്.

പുതിയ ഭവനനിർമ്മാണ പദ്ധതികൾ

*(265) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, നാലകത്ത് സൂപ്പി:
,, കെ. വി. എ. മജീദ്:
,, പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-86-ൽ ഹൗസിംഗ് ബോർഡ് സംസ്ഥാനത്ത് പുതുതായി ഭവനനിർമ്മാണ പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എത്ര പദ്ധതികളാണെന്നും ഏതെല്ലാം ജില്ലകളിലാണെന്നും വ്യക്തമാക്കുമോ?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) ഉണ്ട്.

(ബി) സഹകരണ ഭവനനിർമ്മാണ പദ്ധതി, സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ സാമ്പത്തിക ദുർബല വിഭാഗങ്ങൾക്കുവേണ്ടി നടപ്പിലാക്കുന്ന ഭവനനിർമ്മാണപദ്ധതി, പ്രകൃതിക്ഷോഭംമൂലം ഭവനരഹിതരായവരെയും അധിവാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവരേയും പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി, പൊതു ഭവനനിർമ്മാണപദ്ധതി എന്നീ നാലു പദ്ധതികളാണ് 1985-86-ൽ കേരളസംസ്ഥാന ഭവനനിർമ്മാണ ബോർഡ് ആരംഭിക്കുന്നത്. ഇവയിൽ ആദ്യത്തെ മൂന്നു പദ്ധതികളും സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതാണ്. പൊതു ഭവനനിർമ്മാണപദ്ധതി ഇടുക്കി, ആലപ്പുഴ, മലപ്പുറം ജില്ലകളൊഴികെ ബാക്കിയുള്ള എല്ലാ ജില്ലകളിലും നടപ്പാക്കുന്നതാണ്.

## ട്രാവൻകൂർ ടൈറാനിയം പ്രോഡക്ട്സ്

*(266) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ:
,, കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറാനിയം പ്രോഡക്ട്സിൽ കാലാകാലങ്ങളിൽ നടന്നതായി ആരോപിക്കപ്പെടുന്ന ധനപരമായ ക്രമക്കേടുകളേയും അഴിമതികളെയുംപറ്റി സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) ട്രാവൻകൂർ ടൈറാനിയം പ്രോഡക്ട്സിന്റെ മാനേജുമെന്റിനെതിരായി വിവിധ തൊഴിലാളിയൂണിയനുകളും 1983-ൽ ചില ആരോപണങ്ങളും ഉന്നയിച്ചിരുന്നു. ഇതേക്കുറിച്ച് റവന്യൂബോർഡ് മെംബർ ശ്രീ. കെ. വി. വിദ്യാധരൻ അന്വേഷിച്ചുവരുന്നു. അന്വേഷണറിപ്പോർട്ടിന്റെ ആദ്യഭാഗം ഗവൺമെന്റിനു ലഭിച്ചുകഴിഞ്ഞു.

(ബി) ഗവൺമെന്റിനു ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരായവരുടെ പേരിൽ നടപടി എടുക്കുവാൻ മാനേജുമെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ പദ്ധതി

* [267] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഏഴാം പദ്ധതിയിൽ പ്രത്യേക പദ്ധതി വല്ലതും ആവിഷ്കരിച്ചിട്ടുണ്ടോ;



LIBRARY ARCHIVES Kerala Legislative Assembly